# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2135 — 17.02.2016- ലെ മറുപടിക്ക്

## മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, പി.എ.മാധവൻ<br>,, വി.ഡി.സതീശൻ<br>,, എം.എ. വാഹിദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം 2013 ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? | (ബി) സഹകരണ മേഖലയും സഹകരണ സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പറയുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) മുഖാമുഖം പരിപാടിയിൽ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘം പ്രസിഡന്റുമാർ, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. സഹകരണ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും, സഹകരണ മേഖലയിൽ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായവയിൽ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുകയുണ്ടായി. സഹകരണ മേഖലയുടെ അടിസ്ഥാന ആവശ്യങ്ങൾ ആഴത്തിൽ വിലയിരുത്തുന്നതിനും പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ഈ നൂതന പരിപാടികളിലൂടെ സാധിച്ചു. |

സെക്ഷൻ ഓഫീസർ